## പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2179 | 06.02.2019 ൽ മറുപടിയ്ക്ക് |
|---|---|
| **ആശ്വാസ നിധി പദ്ധതി വഴിയുള്ള ധനസഹായം** | |
| ചോദ്യം | മറുപടി |
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) അതിക്രമത്തിന് ഇരയാകുന്ന സ്ത്രീകൾക്കും, കുട്ടികൾക്കും ആശ്വാസം നൽകുന്നതിന് ആശ്വാസ നിധി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) ഏതൊക്കെ തരത്തിലുള്ള അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്കാണ് ഈ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നത് ; | ബി) ലൈംഗീകാതിക്രമങ്ങൾ, ആസിഡ് ആക്രമങ്ങൾ, നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ, ജെന്റർ ബേസ്ഡ് അതിക്രമങ്ങൾ എന്നിവ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തിര ധനസഹായം നൽകുന്നതിനായി സ.ഉ. (സാധാ) നം. 701/2018/സാ.നീവ.. തീയതി 10.12.2018 പ്രകാരം ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ആശ്വാസനിധി. |

**<u>Schedule applicable to children and women victims of violence</u>**

| Sl. No | Particulars of loss or injury | Minimum Limit | Upper Limit |
|---|---|---|---|
| 1 | Sexual assault of minors registered under the pocso act<br>• Aggravated penetrative sexual assault<br>• Penetrative sexual assault<br>• Sexual assault<br>• Aggravated sexual assault | Rs.50,000/- | Rs.1,00,000/- |
| 2 | Rape/Gang Rape/unnatural sexual offences | Rs.50,000/- | Rs.1,00,000/- |
| 3 | Loss of life | Rs.50,000/- | Rs.1,00,000/- |
| 4 | Grievous physical injury or any mental | Rs.25,000/- | Rs.50,000/- |

| | | | |
|---|---|---|---|
| | injury due to domestic violence | | |
| 5 | Women & Children rescued from trafficking | Rs.25,000/- | Rs.50,000/- |
| 6 | Victims of acid attack | Rs.1,00,000/- | Rs.2,00,000/- |
| 7 | In case of pregnancy on account of rape (in addition to 1&2 above) | Rs.50,000/- | Rs.1,00,000/- |
| 8 | Loss of any limb or part of body | Rs.50,000/- | Rs.1,00,000/- |
| 9 | Loss of Foetus ie, Miscarriage as a result of assault or loss of fertility | Rs.50,000/- | Rs.1,00,000/- |
| 10 | Victims of burning | Rs.50,000/- | Rs.1,00,000/- |

| | |
|---|---|
| സി) മനുഷ്യക്കടത്തിൽ നിന്നും രക്ഷപ്പെടുന്ന വനിതകൾക്കും, കുട്ടികൾക്കും എന്തെങ്കിലും ധനസഹായം ഈ നിധിയിൽ നിന്നും നൽകുന്നുണ്ടോ ; | സി) ഉണ്ട്. |
| ഡി) ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായത്തിന് ആർക്കാണ് അപേക്ഷ നൽകേണ്ടത്; വിശദാംശം വ്യക്തമാക്കുമോ? | ഡി) അപേക്ഷ ജില്ലാ വനിത സംരക്ഷണ ഓഫീസർ/ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക് നൽകാം. ലൈംഗീകാതിക്രമങ്ങൾ, ആഡിഡ് ആക്രമങ്ങൾ, ജെന്റർ ബേസ്ഡ് അതിക്രമങ്ങൾ തുടങ്ങിയവ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തിര ആശ്വാസം നൽകുന്നതിനായി ജില്ലാ ശിശുസംരക്ഷണ ആഫീസറും ജില്ലാ വനിത സംരക്ഷണ ആഫീസറും തയ്യാറാക്കിയ അന്വേഷണ റിപ്പോർട്ടിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ വനിത ശിശുവികസന വകുപ്പ് ഡയറക്ടർ ധനസഹായം അർഹതപ്പെട്ടവരുടെ ബാങ്ക് അക്കണ്ടിലേക്ക് നിക്ഷേപിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ